# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : T 5477**

## കോഴിക്കോട്ടെ കോമൺ വെൽത്ത് നെയ്ത്ത് ഫാക്ടറിയും ഓഫീസ് കെട്ടിടവും ഏറ്റെടുക്കാനുള്ള ബില്ലിന് കേന്ദ്രാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കോഴിക്കോട്ടെ കോമൺവെൽത്ത് നെയ്ത്ത് ഫാക്ടറിയും, ഓഫീസ് കെട്ടിടവും ഏറ്റെടുക്കാനുള്ള ബില്ലിന് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ അതിന് തടസ്സമായിട്ടുള്ള കാര്യങ്ങൾ എന്താണ്;<br>(സി) കേന്ദ്രാനുമതി ലഭിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? | (ബി) & (സി) കോമൺവെൽത്ത് ട്രസ്റ്റ് ബിൽ-2012, ബഹു. ഇന്ത്യൻ പ്രസിഡണ്ടിന്റെ അനുമതിക്കായി അയച്ചുകൊടുത്തിരുന്നുവെങ്കിലും, പ്രസ്തുത ബില്ലിൽ, കോംട്രസ്റ്റ് ഫാക്ടറിയിലെ തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട ബാദ്ധ്യത സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയം ചില സ്പഷ്ടീകരണങ്ങൾ ആവശ്യപ്പെടുകയും, ഇതിന് മറുപടി നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രതിനിധികൾ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന് ഈ വിഷയത്തിൽ രേഖാമൂലം മറുപടി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ